# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 152 06/01/2014-ൽ മറുപടിയ്ക്ക്**

## റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) ഏതെല്ലാം അണക്കെട്ടുകളിലാണ് 'റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോഗ്രാം' നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) ദേശീയ മത്സ്യ വികസന ബോർഡിന്റെ (NFDB) ധനസഹായത്തോടുകൂടി മത്സ്യക്കുഞ്ഞ് നിക്ഷേപ പദ്ധതി നടപ്പാക്കുന്നതിനായി ഇടുക്കി, പെരിയാർ, കല്ലട, പറമ്പിക്കുളം, കക്കി, കാരാപ്പുഴ, നെയ്യാർ, ബാണാസുരസാഗർ, ഷോളയാർ, പഴശ്ശി, ഭൂതത്താൻകെട്ട്, പേപ്പാറ, പമ്പ, ആനയിറങ്കൽ, നേര്യമംഗലം, മാട്ടുപെട്ടി, പെരിങ്ങൽകുത്ത്, പൊൻമുടി, കുണ്ടള, ശെങ്കുളം എന്നീ 20 അണക്കെട്ടുകളെ തെരഞ്ഞെടുത്തിരുന്നെങ്കിലും സാങ്ച്വറികളായി പ്രഖ്യാപിക്കപ്പെട്ട നെയ്യാർ, പേപ്പാറ, ഇടുക്കി, പെരിയാർ, പറമ്പിക്കുളം എന്നിവയിൽ മത്സ്യക്കുഞ്ഞ് നിക്ഷേപം അനുവദിക്കാനാവില്ലെന്ന് വനംവകുപ്പ് അറിയിച്ചതിനെ തുടർന്ന് അവ ഒഴികെയുള്ള മറ്റ് റിസർവോയറുകളിൽ ഇന്ത്യൻ മേജർ കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത അണക്കെട്ടുപ്രദേശത്ത് താമസിക്കുന്ന പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ജനങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ഉണ്ട്. അണക്കെട്ടു പ്രദേശത്തു താമസിക്കുന്ന പട്ടിക വർഗ്ഗക്കാരായ ആളുകൾക്ക് മത്സ്യം പിടിച്ച് ഉപജീവനം നടത്തുന്നതിനായി ടിയാളുകളെ ഫിഷറീസ് വകുപ്പ് രൂപീകരിച്ച മത്സ്യത്തൊഴിലാളി സഹകരണ സംഘത്തിലെ അംഗങ്ങളാക്കി അപ്രകാരം അണക്കെട്ടു പ്രദേശത്ത് |

| | |
|---|---|
| | താമസിക്കുന്നവരും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായവരും ആയ പട്ടിക വർഗ്ഗക്കാർക്ക് മത്സ്യബന്ധനം നടത്തുന്നതിന് അനുവാദം നൽകുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. വനം വകുപ്പിന്റെ അധീനതയിലുള്ള പേപ്പാറ, നെയ്യാർ, തെൻമല, ഗവി, കല്ലാർ (പമ്പ), പെരിയാർ, ഇടുക്കി, പറമ്പിക്കുളം, തുണക്കടവ് എന്നീ റിസർവോയറുകളിൽ മത്സ്യം പിടിക്കുന്നതിന് വള്ളവും വലയും അതാത് പ്രദേശത്ത് രൂപീകരിക്കുന്ന എസ്.സി/എസ്.റ്റി ഫിഷറീസ് സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനുള്ള 34 ലക്ഷം രൂപയുടെ പദ്ധതിയും പുരോഗമിച്ചു വരുന്നു. |
| (സി) വയനാട് ജില്ലയിലെ ഏതെല്ലാം അണക്കെട്ടുകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) വയനാട് ജില്ലയിലെ ബാണാസുരസാഗർ, കാരാപ്പുഴ എന്നീ അണക്കെട്ടുകളിലാണ് ടി പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ആഫീസർ